**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4577** — 25.06.2019 -ൽ മറുപടിയ്ക്ക്

**ഇടുക്കി താലൂക്കിന് സ്വന്തമായി ഓഫീസ് കെട്ടിടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) പുതിയതായി ആരംഭിച്ച ഇടുക്കി താലൂക്കിന് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ബി) ഇടുക്കി താലൂക്ക് ഓഫീസ് കെട്ടിടനിർമ്മാണത്തിന്, ജില്ലാ പഞ്ചായത്തിൽ നിന്നും സ്ഥലം അനുവദിച്ചിട്ടുണ്ടോ;<br><br>(സി) നിലവിൽ വാഴത്തോപ്പിൽ പ്രവർത്തിക്കുന്ന താലൂക്ക് ഓഫീസ് കെട്ടിടത്തിൻെറ ഉടമസ്ഥാവകാശം ആരുടെ പേരിലാണ്; വിശദാംശങ്ങൾ നൽകുമോ? | (എ) യും (ബി) യും (സി) യും ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 13-08-2015-ലെ ഐ.ഡി.പി 545/14 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാഴത്തോപ്പ് വഞ്ചിക്കവല ഭാഗത്ത് നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരുന്ന 01:2181 ഹെക്ടർ സ്ഥലത്ത് ഇടുക്കി താലൂക്ക് ഓഫീസ് ഉൾപ്പെടെ പ്രവർത്തിപ്പിക്കുന്നതിന്, ഇടുക്കി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്കായി പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിന് ഇടുക്കി ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങളുടെ ഭൂമി സംബന്ധിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡും ഇടുക്കി ജില്ലാ പഞ്ചായത്തും തമ്മിൽ തർക്കം നിലവിലുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**